ഇ6-2686/17

നഗരകാര്യ ഡയറക്ടറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്
തിരുവനന്തപുരം
തീയതി: 24/6/2017
ഫോൺ: 0471-2318896
E mail ID duatvpm @gmail.com

പ്രേഷകൻ

നഗരകാര്യ ഡയറക്ടർ

സ്വീകർത്താവ്

എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും

സർ,

വിഷയം: നഗരകാര്യ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് 2017-18 വർഷത്തെ പൊതുസ്ഥലംമാറ്റം-കരട് ക്യൂ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത്-സംബന്ധിച്ച്

***********

കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ വിവിധ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനായി അപേക്ഷ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് താഴെപറയുന്ന തസ്തികകളിലെ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റത്തിനുള്ള കരട് ക്യൂലിസ്റ്റ് ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

1. ഡെപ്യൂട്ടി സെക്രട്ടറി
2. റവന്യൂ ഓഫീസർ /പി.എ ടു സെക്രട്ടറി/സി.എസ്/എ.ഒ
3. ഹെൽത്ത് സൂപ്പർവൈസർ
4. ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I

5. ജൂനിയർ ഹെൽത്ത് ഇൻസ്പെകടർ ഗ്രേഡ് II
6. എൽ.ഡി.ക്ലർക്ക്/ബിൽകളക്ടർ
7. ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ്

മെഡിക്കൽ സർട്ടിഫിക്കറ്റുകളും അനുബന്ധരേഖകളും സമർപ്പിക്കാത്തവരെ സ്ഥലംമാറ്റത്തിലെ അനുകമ്പാർഹമായ ഇളവുകളുടെ അടിസ്ഥാനത്തിലുള്ള മുൻഗണന നൽകി ക്യൂലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ജീവനക്കാരുടെ ആശ്രിതരുടെ അനുകമ്പാർഹമായ സാഹചര്യം കണക്കിലെടുത്ത് ക്യൂ ലിസ്റ്റിൽ മുൻഗണന ലഭിച്ചവർ, ആശ്രിതർ തങ്ങളുടെ സംരക്ഷണത്തിലാണെന്ന് വ്യക്തമാക്കുന്ന സാക്ഷ്യപത്രം നഗരസഭാ സെക്രട്ടറിയിൽ നിന്നും വാങ്ങി 3.07.2017 നകം ഹാജരാക്കേണ്ടതാണ്.

സർക്കാരിന്റെ 02.12.1991 ലെ സ.ഉ(പി) 36/91/പി ആന്റ് എ.ആർ.ഡി നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് ജില്ലാ അടിസ്ഥാനത്തിൽ നിയമനം ലഭിച്ചവരുടെ അന്തർ ജില്ല സ്ഥലംമാറ്റം പരിഗണിച്ചിട്ടുള്ളത്. അന്തർ ജില്ല സ്ഥലംമാറ്റം ലഭിക്കുന്ന ജീവനക്കാരുടെ സീനിയോരിറ്റി നഷ്ടപ്പെടുന്നതാണെന്നും സ്ഥലംമാറ്റം ആവശ്യപ്പെടുന്ന ജില്ലയിൽ വർഷത്തിൽ ഉണ്ടായിട്ടുള്ള 10% ഒഴിവുകളിലേയ്ക്ക് മാത്രമേ അന്തർജില്ല സ്ഥലംമാറ്റം പരിഗണിക്കുകയുള്ളൂ എന്നും വ്യക്തമാക്കുന്നു. ടി ഉത്തരവിലെയും അന്തർജില്ലാ സ്ഥലംമാറ്റം സംബന്ധിച്ച മറ്റ് ഉത്തരവുകളിലേയും വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുകയുള്ളൂ എന്നും അറിയിക്കുന്നു. ഹോം സ്റ്റേഷനിലെ സേവനകാലയളവും

ജീവനക്കാർ സേവനമനുഷ്ഠിച്ചിരുന്നതും എന്നാൽ 2017-18 പൊതു സ്ഥലംമാറ്റത്തിൽ വീണ്ടും അത്തരം സ്റ്റേഷനുകളിലേയ്ക്ക് സ്ഥലംമാറ്റം ആവശ്യപ്പെടുകയും ചെയ്യുന്ന സ്റ്റേഷനുകളിലെ സേവനകാലയളവും (ആ സ്റ്റേഷനിലേയ്ക്കുള്ള സ്ഥലംമാറ്റത്തിന്) പൂർണ്ണമായും ഒഴിവാക്കിയാണ് Outstation seniority കണക്കാക്കിയിട്ടുള്ളത്. പൂർണ്ണമായി വിവരങ്ങൾ രേഖപ്പെടുത്താതിരിക്കുക, സാക്ഷ്യപ്പെടുത്താതിരിക്കുക തുടങ്ങിയ അപാകതകൾ ഉള്ള അപേക്ഷകൾ പൊതു സ്ഥലംമാറ്റത്തിനായി പരിഗണിക്കുന്നതല്ല.

കരട് ക്യൂ ലിസ്റ്റിൻമേൽ ആക്ഷേപമുള്ളവർ തങ്ങളുടെ ആക്ഷേപം വസ്തുനിഷ്ഠമായും ആവശ്യമുള്ളപക്ഷം ബന്ധപ്പെട്ട രേഖകൾ സഹിതവും 3.07.2017 നകം ലഭ്യമാക്കേണ്ടതാണ്. പിന്നീട് ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കാത്തതുമാണ്.

വിവിധ വിഭാഗം നഗരസഭാ ജീവനക്കാരുടെ സേവന കാര്യങ്ങൾ നഗരകാര്യ ഡയറക്ടറേറ്റിൽ വ്യത്യസ്ത സെക്ഷനുകളിൽ കൈകാര്യം ചെയ്തു വരുന്നതെന്നതിനാൽ ഓരോ വിഭാഗത്തിന്റെയും അപേക്ഷകൾ വെവ്വേറെ ഉപരിപത്രം സഹിതം അയച്ചുതരുന്നതിന് നഗരസഭാ സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതോടൊപ്പം ഓരോ തസ്തികയിലും നിലവിലുള്ള ഒഴിവും ആയത് നിലവിൽ വന്നതീയതിയും കൂടി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

താങ്കളുടെ വിശ്വസ്തൻ

(ഒപ്പ്)
ഹരിത. വി. കുമാർ ഐ.എ.എസ്
നഗരകാര്യ ഡയറക്ടർ

വി.എസ്.ആർ